**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3733** **15-07-2022 - ൽ മറുപടിയ്ക്ക്**

**നെന്മാറ-നെല്ലിയാമ്പതി റോഡ്**

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| **ശ്രീ. കെ. ബാബു (നെന്മാറ)** | | **ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി)** | |
| (എ) | റീബിൽഡ് കേരളയിൽ ഉൾപ്പെടുത്തിയ നെന്മാറ നിയോജക മണ്ഡലത്തിലെ നെന്മാറ-നെല്ലിയാമ്പതി റോഡിന്റെ പ്രവൃത്തിയുമായി ബന്ധപ്പെട്ട് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ; | (എ) | നെന്മാറ നെല്ലിയാമ്പതി റോഡ് പ്രവൃത്തിയുടെ ടെണ്ടർ നടപടികൾ പൂർത്തീകരിച്ച്, 07/01/2022-ൽ M/s. Radiance Reality Developers India Ltd. എന്ന കമ്പനിയ്ക്ക് പ്രസ്തുത പ്രവൃത്തി അവാർഡ് ചെയ്തിരുന്നു. എന്നാൽ പ്രവൃത്തി ഏറ്റെടുക്കാൻ കഴിയില്ലായെന്നും ബിഡ് സെക്യൂരിറ്റി തുക മടക്കി നൽകണമെന്നും കമ്പനി അറിയിച്ചു. കമ്പനിക്ക് എതിരേ നടപടി ആരംഭിച്ചപ്പോൾ കമ്പനി കോടതിയെ സമീപിക്കുകയും നടപടിക്കെതിരെ ഇടക്കാല ഉത്തരവ് സമ്പാദിക്കുകയും ചെയ്തു . 27/06/2022-ലെ കോടതിയുടെ അന്തിമ ഉത്തരവ് പ്രകാരം മേൽ കമ്പനിയുമായി തന്നെ 28 ദിവസത്തിനുള്ളിൽ കരാറിലേർപ്പെടേണ്ടതും, കമ്പനി നൽകേണ്ടിയിരുന്ന 9.56 കോടി രൂപ അധിക പെർഫോമൻസ് ഗ്യാരന്റി തുക ഒഴിവാക്കി നൽകേണ്ടതുമുണ്ട്.<br><br>നിലവിൽ, പ്രസ്തുത ഉത്തരവിനെതിരേ അപ്പീൽ നൽകുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. |
| (ബി) | പ്രസ്തുത പ്രവൃത്തി എന്ന് തുടങ്ങാൻ കഴിയുമെന്ന് വിശദമാക്കുമോ? | (ബി) | കോടതി നടപടികളുടെ തീർപ്പിന് വിധേയമായി മാത്രമേ പ്രവൃത്തി തുടങ്ങാൻ സാധിക്കുകയുള്ളൂ. |

സെക്ഷൻ ഓഫീസർ